# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2284

08/07/2015-ൽ മറുപടിക്ക്

## ജലജന്യരോഗങ്ങൾ

**ചോദ്യം**

ശ്രീ.എസ്.രാജേന്ദ്രൻ

എ) വർദ്ധിച്ചുവരുന്ന ജലജന്യരോഗങ്ങൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനും സർക്കാർ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

**മറുപടി**

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

എ) വർദ്ധിച്ചു വരുന്ന ജലജന്യരോഗങ്ങൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനും സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

1. ജലസ്രോതസ്സുകൾ മാലിന്യ വിമുക്തമാക്കുന്നതിനുവേണ്ടി പതിവായി വെള്ളത്തിന്റെ ഗുണനിലവാര പരിശോധന നടത്തി Chlorination, super chlorination, എന്നിവ നടത്തി വരുന്നു.
2. മേളകൾ, സദ്യാലയങ്ങൾ എന്നിവിടങ്ങളിൽ കൃത്യമായ ഇടവേളകളിൽ സന്ദർശനം നടത്തി കുടിവെള്ളം, ഐസ്, ഭക്ഷണം എന്നിവയുടെ ശുചിത്വം ഉറപ്പു വരുത്തുന്നു.
3. സേഫ് കേരള പദ്ധതിയുടെ ഭാഗമായി ഹോട്ടലുകൾ, കശാപ്പുശാലകൾ, ബേക്കറികൾ തുടങ്ങിയ സ്ഥാപനങ്ങളിൽ പരിശോധന നടത്തി

ശുചിത്വം ഉറപ്പു വരുത്തുന്നു.

4. തിളപ്പിച്ചാറിയ വെള്ളം കുടിക്കുക, മലമൂത്ര വിസർജ്ജനം കക്കൂസുകളിൽ മാത്രമാക്കുക, വ്യക്തി ശുചിത്വം പാലിക്കുക, പരിസര ശുചിത്വം ഉറപ്പു വരുത്തുക തുടങ്ങിയ ശുചിത്വ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനായി ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു.
5. ആരോഗ്യ സ്ഥാപനങ്ങളിൽ ORT കോർണർ പ്രവർത്തിച്ചു വരുന്നു.
6. വയറിളക്ക രോഗങ്ങൾക്കെതിരെയുള്ള മരുന്നുകൾ എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും ലഭ്യമാക്കിയിട്ടുണ്ട്.
7. കുടിവെള്ളത്തിൽ അടങ്ങിയിരിക്കുന്ന ക്ലോറിൻ അളവ് പരിശോധിക്കുന്നതിനായുള്ള ഉപകരണം (Chloroscope) എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും ലഭ്യമാക്കിയിട്ടുണ്ട്.
8. ജല അതോറിറ്റി, ശുചിത്വ മിഷൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ശുദ്ധമായ കുടിവെള്ളം ഉറപ്പു വരുത്തുന്നതിനായി പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്.

| | |
|---|---|
| ബി) ഇതിനായുള്ള മുൻ ബഡ്ജറ്റ് വിഹിതം എത്രയായിരുന്നെന്നും എത്ര തുക ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ? | ബി) ബഡ്ജറ്റ് വിഹിതം 65 ലക്ഷം രൂപ ആയിരുന്നു. ഇതിൽ 57.66 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ